സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനു പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 ജൂൺ 12 തിങ്കൾ
ptnizar@rediffmail.com 9037319971
www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

## ഖേഴ്സൺ വെള്ളപ്പൊക്കം: രക്ഷാപ്രവർത്തനത്തിനിടെ റഷ്യൻ ആക്രമണത്തിൽ മൂന്നുപേർ കൊല്ലപ്പെട്ടു

കീവ്: കാഖോവ്ക ഡാം തകർന്നതിനെ തുടർന്ന് ഖേഴ്സൺ മേഖലയിലുണ്ടായ വെള്ളപ്പൊക്കത്തിൽ കുടുങ്ങിയവരെ രക്ഷിക്കുന്നതിനിടെ റഷ്യൻ ആക്രമണം.

ആക്രമണത്തിൽ മൂന്നുപേർ കൊല്ലപ്പെട്ടതായി ഉക്രെയ്ൻ അധികൃതർ അറിയിച്ചു. കാഖോവ്ക ഡാം തകർന്നതിലൂടെ വെള്ളപ്പൊക്കമുണ്ടായ ഡിനിപ്രോ നദിയുടെ കിഴക്കൻ തീരത്ത് കുടുങ്ങിക്കിടക്കുന്നവരെ രക്ഷിക്കാനുള്ള ശ്രമത്തിലാണ് ഉക്രയ്ൻ. നദീതീരത്തെ 24ഓളം ഗ്രാമങ്ങളിൽ പ്രളയമുണ്ടായി. ഖേഴ്സൺ നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ വെള്ളമുയർന്നു. മേഖലയിൽ നിരവധി പേർ കുടുങ്ങിക്കിടപ്പുണ്ട്. അതേസമയം, കഖോവ്ക അണക്കെട്ട് തകർത്തതിൽ ഉക്രെയ്നും റഷ്യയും പരസ്പരം കുറ്റപ്പെടുത്തൽ തുടരുകയാണ്.



ഖേഴ്സൺ വെള്ളപ്പൊക്കത്തിൽ കുടുങ്ങിയവരെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റുന്ന ദൗത്യസേന

## കൊവിഡ് പോർട്ടലിലെ വിവരചോർച്ച: അന്വേഷണം പ്രഖ്യാപിച്ച് കേന്ദ്ര ഐ.ടി മന്ത്രാലയം

ന്യൂഡൽഹി: കൊവിഡ് പോർട്ടലിലെ വ്യക്തിഗത വിവരങ്ങളുടെ ചോർച്ചയിൽ അന്വേഷണം പ്രഖ്യാപിച്ച് കേന്ദ്ര ഐ.ടി മന്ത്രാലയം. വിവര ചോർച്ച അതീവ ഗുരുതരമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണം. കംപ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീമിനാണ് അന്വേഷണ ചുമതല നൽകിയിരിക്കുന്നത്. വിവര ചോർച്ചയിൽ അന്വേഷണം വേണമെന്ന് പ്രതിപക്ഷത്ത് നിന്നടക്കം ആവശ്യം ശക്തമായിരുന്നു. കൊവിഡ് വാക്സിനേഷൻ സമയത്ത് നൽകിയ വ്യക്തി വിവരങ്ങൾ ടെലഗ്രാമിലൂടെ ചോർന്നത് ദേശ സുരക്ഷയെ പോലും ബാധിക്കുന്ന വിഷയമാണെന്ന് പ്രതിപക്ഷം വിമർശിച്ചിരുന്നു. വാക്സിനേഷൻ സമയത്ത് നൽകിയ പേര്, ആധാർ, പാസ്പോർട്ട്, പാൻ കാർഡ് തുടങ്ങിയ രേഖകൾ, ജനന വർഷം, വാക്സിനെടുത്ത കേന്ദ്രം തുടങ്ങിയ വിവരങ്ങളാണ് ഹാക്ക് ഫോർ ലേൺ എന്ന ടെലഗ്രാം ബോട്ടിലൂടെ ചോർന്നത്.




ഒരു വ്യക്തി ഏത് വാക്സിനാണ് സ്വീകരിച്ചതെന്നും മറ്റൊരാൾക്ക് അറിയാം. വ്യക്തികളുടെ ഫോൺ നമ്പറോ ആധാർ നമ്പറോ നൽകിയാൽ ഒറ്റയടിക്ക് മുഴുവൻ വിവരങ്ങളും ലഭ്യമാകും. രാജ്യത്തെ വിടെയിരുന്നും വിവരങ്ങൾ ചോർത്താം. കേന്ദ്ര ആരോഗ്യ സെക്രട്ടറിയുടെയും, പ്രതിപക്ഷ നേതാക്കളുടെയും വിവരങ്ങൾ ഈ രീതിയിൽ ലഭ്യമായതിന്റെ സ്ക്രീൻ ഷോട്ടുകൾ സമൂഹമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിക്കുന്നുണ്ട്. കൊവിൻ പോർട്ടലിൽ ഫോൺ നമ്പറും ഒ.ടി.പിയും നൽകിയാൽ മാത്രം ലഭ്യമാകുന്ന വിവരങ്ങൾ എങ്ങനെ ടെലഗ്രാമിലെത്തിയെന്നത് സംബന്ധിച്ച് വ്യക്തതയില്ല. അതേ സമയം വാർത്തകൾക്ക് പുറത്ത് വന്നതോടെ ടെലഗ്രാം ബോട്ടിലൂടെ ഇപ്പോൾ വിവരങ്ങൾ ലഭ്യമാകുന്നില്ലെന്നാണ് റിപ്പോർട്ടുകൾ.


## സമാധാന സമിതിയിൽ മുഖ്യമന്ത്രിയുടെ ഇഷ്ടക്കാർ മാത്രം

# കേന്ദ്രം നടത്തുന്ന സമാധാന ശ്രമങ്ങളോട് മാത്രമേ സഹകരിക്കുകയുള്ളൂ: കുകി വിഭാഗം

ന്യൂഡൽഹി: മണിപ്പൂരിലെ സമാധാന ശ്രമങ്ങൾക്ക് തിരിച്ചടി. ഇരു വിഭാഗങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരത്തിനായുള്ള സമാധാന സമിതിയോട് സഹകരിക്കില്ലെന്ന് കുകി വിഭാഗം. സമാധാന സമിതിയിൽ മുഖ്യമന്ത്രി ഇഷ്ടക്കാരെ നിയമിച്ചെന്നാരോപിച്ചാണ് കുകി വിഭാഗത്തിന്റെ ബഹിഷ്കരണം.

ഇനി കേന്ദ്രം നേരിട്ട് നടത്തുന്ന സമാധാന ശ്രമങ്ങളോട് മാത്രമേ സഹകരിക്കുകയുള്ളൂവെന്നും കുകി വിഭാഗം പറയുന്നു.മെയ് മൂന്നിന് ആരംഭിച്ച കലാപത്തിന് ഇതുവരെ ശമനമായിട്ടില്ല. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷായും മണിപ്പൂരിലെത്തി ചർച്ച നടത്തിയിരുന്നു. എന്നാൽ മൂന്ന് ദിവസം മണിപ്പൂരിൽ ചർച്ച നടത്തിയെങ്കിലും കലാപം ഇപ്പോഴും തുടരുകയാണ്. അതേസമയം, കലാപത്തിൽ സി.ബി.ഐ അന്വേഷണം നടന്നുവരികയാണ്. ഗൂഢാലോചനയുൾപ്പെടെയുള്ള കേസുകളാണ് സി.ബി.ഐ അന്വേഷിക്കുന്നത്. ആറ് കേസുകൾക്ക് പിന്നിലെ ഗൂഢാലോചനയും സി.ബി.ഐ അന്വേഷിക്കും. കൊൽക്കത്തയിൽ നിന്നുള്ള പ്രത്യേക സംഘത്തിൽ 10 ഉദ്യോഗസ്ഥരാണുള്ളത്. സർക്കാരിനെതിരേയുള്ള ഗൂഢാലോചനയാണ് അന്വേഷിക്കുന്നത്. മുഖ്യമന്ത്രി ബിരേൻസിംഗിനെതിരായ വികാരം ശക്തിപ്പെട്ടതോടെ വളരെ വിശദമായിത്തന്നെ അന്വേഷിക്കാനാണ് കേന്ദ്ര സർക്കാരിന്റെ തീരുമാനം. മുഖ്യമന്ത്രിക്കെതിരേ ഭരണപക്ഷ എം.എൽ.എമാർ തന്നെ രംഗത്തുവന്ന സാഹചര്യത്തിലാണ് സി.ബി.ഐ അന്വേഷണമെന്ന തീരുമാനത്തിലേക്ക് സർക്കാർ എത്തിയത്. കലാപം ഒടുങ്ങാത്ത സാഹചര്യം കേന്ദ്രസർക്കാരിന് വലിയ വെല്ലുവിളിയാണ് ഉണ്ടാക്കിയിരിക്കുന്നത്. അതേസമയം, മണിപ്പൂരിൽ ഇന്റർനെറ്റ് നിരോധനം വീണ്ടും നീട്ടി. ഈ മാസം 15 വരെയാണ് നീട്ടിയത്. മെയ് മൂന്നിന് കലാപമുണ്ടായത് മുതൽ സംസ്ഥാനത്ത് ഇന്റർനെറ്റ് നിരോധനം ഏർപ്പെടുത്തിയിരിക്കുകയാണ്. മെയ് 31ന് ഇന്റർനെറ്റ് നിരോധനം നീട്ടിവെച്ചിരുന്നു. വ്യാജവാർത്തകൾ തടയാനാണ് നടപടിയെന്ന് അധികൃതർ വിശദീകരണം നൽകിയിരുന്നു.






## ബിപോർജോയ് ചുഴലിക്കാറ്റ്: ആളുകളെ മാറ്റിപ്പാർപ്പിക്കുന്നു; ഗുജറാത്തിൽ അതീവ ജാഗ്രത

അഹ്മദാബാദ്: അറബിക്കടലിൽ രൂപം കൊണ്ട ബിപോർജോയ് വ്യാഴാഴ്ച ഗുജറാത്ത് തീരത്ത് എത്തുമെന്നതിനാൽ അതീവ ജാഗ്രതയിലാണ് ഗുജറാത്ത്. സൗരാഷ്ട്ര, കച്ച്, തീരങ്ങളിൽ ചുഴലിക്കാറ്റ് വീശാൻ സാധ്യതയുള്ളതിനാൽ മുൻകരുതൽ നടപടികൾ ഊർജിതമാക്കുകയാണ് ഭരണകൂടം. ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ കഴിഞ്ഞ ദിവസം സംസ്ഥാന ദുരന്ത നിവാരണ കേന്ദ്രം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. കച്ചിലെ താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരെ മാറ്റിപ്പാർപ്പിക്കുകയും ചെയ്തു.

ജൂൺ 14 വരെ തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണമെന്നും മത്സ്യബന്ധനത്തിന് പോകരുതെന്നും നിർദേശം നൽകിയിട്ടുണ്ട്. സൗരാഷ്ട്രയിലും ഗുജറാത്തിലെ കച്ച് തീരത്തും കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. ദുരന്ത ബാധിത മുന്നറിയിപ്പ് നൽകിയിരിക്കുന്ന പ്രദേശത്തെ മുഴുവൻ ഉദ്യോഗസ്ഥരുമായും ജില്ലാ കലക്ടർമാരുമായും മുഖ്യമന്ത്രി വീഡിയോ കോൺഫറൻസിലൂടെ ചർച്ച നടത്തി. അതേസമയം മുംബൈയിലെയും മഹാരാഷ്ട്രയുടെ പല ഭാഗങ്ങളിലും കഴിഞ്ഞ ദിവസം ശക്തമായ കാറ്റും മഴയും അനുഭവപ്പെട്ടു. മഴ കനത്തതോടെ മുംബൈ വിമാനത്താവളത്തിലെ റൺവേ(0927) താൽക്കാലികമായി അടച്ചു. ഇത് പല വിമാനങ്ങളും വൈകാനും റദ്ദാക്കാനും കാരണമായി മാറി.

## സർക്കാർ–എസ്.എഫ്.ഐ വിരുദ്ധ പ്രചാരണം നടത്തിയാൽ ഇനിയും കേസെടുക്കും: എം.വി ഗോവിന്ദൻ

തിരുവനന്തപുരം: മാർക്ക് ലിസ്റ്റ് വിവാദത്തിന് പിന്നിലെ ഗൂഢാലോചന പരാതിയിൽ ഏഷ്യാനെറ്റ് റിപ്പോർട്ടറും പങ്കാളിയാണെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ. സർക്കാർ വിരുദ്ധ, എസ്.എഫ്.ഐ വിരുദ്ധ പ്രചാരണം നടത്തിയാൽ ഇനിയും കേസെടുക്കുമെന്നും ഇതിന് മുമ്പും ഇങ്ങനെ ചെയ്തിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. മാധ്യമങ്ങൾ മാധ്യമങ്ങളുടേതായ സ്റ്റാൻഡിലെ നിൽക്കാവൂ. അന്വേഷണത്തിന്റെ ഭാഗമായി തെറ്റ് ചെയ്തെന്ന് കണ്ടെത്തിയാൽ ആരായാലും അവർക്കെതിരേ കേസെടുക്കും. ഗൂഢാലോചനയിൽ പങ്കെടുത്ത എല്ലാവരെയും കേസിന്റെ ഭാഗമായി കൈകാര്യം ചെയ്യുമെന്നും എം.വി ഗോവിന്ദൻ പറഞ്ഞു. കേന്ദ്രത്തിന്റെ മാധ്യമവേട്ടയുമായി സംഭവത്തെ താരതമ്യം ചെയ്യേണ്ടതില്ലെന്നും ഈ കേസ് തികച്ചും വ്യത്യസ്തമാണെന്നും മാധ്യമത്തിന്റെ പേരും പറഞ്ഞ് ആർക്കും കേസിൽ നിന്ന് ഒഴിവാകാൻ കഴിയില്ലെന്നും എം.വി ഗോവിന്ദൻ പറഞ്ഞു.



## ‘അരിക്കൊമ്പൻ സുഖമായി ഇരിക്കുന്നു’; വ്യാജ പോസ്റ്റിട്ട് വെട്ടിലായി തമിഴ്നാട് അഡീഷണൽ ചീഫ് സെക്രട്ടറി


ചെന്നൈ: ‘അരിക്കൊമ്പൻ സുഖമായി ഇരിക്കുന്നു’ എന്ന വ്യാജമായ പോസ്റ്റ് ഇട്ട തമിഴ്നാട് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ട്വീറ്റ് വിവാദത്തിൽ. സുപ്രിയ സഹു എന്ന ഐ.എ.എസുകാരിയാണ് അരിക്കൊമ്പൻ ഒരു കാട്ടിൽ കിടന്ന് ഉറങ്ങുന്ന ചിത്രം പങ്കുവച്ച് വെട്ടിലായിരിക്കുന്നത്. അവൻ ഒരു ബേബിയെ പോലെ പുല്ലിന്റെ മുകളിൽ കിടന്ന് ഉറങ്ങുന്നു എന്നാണ് അവർ ട്വീറ്റ് ചെയ്തത്. എന്നാൽ, അരിക്കൊമ്പൻ ക്ഷീണിതനും ഗുരുതരാവസ്ഥയിലുമാണ്. അത് മറയ്ക്കാനായിരുന്നു തമിഴ്നാട് ഐ.എ.എസ് ഉദ്യോഗസ്ഥയുടെ പോസ്റ്റ് എന്നാണ് ആരോപണം.വ്യാജ പോസ്റ്റ് വന്നതും ഉടൻ ശാസ്ത്രജ്ഞനും ബയോളജിസ്റ്റും, വന്യജീവി സ്പെഷ്യലിസ്റ്റുമായ ഡിജോ തോമസ് ഇതിനെതിരേ രംഗത്തെത്തിയിരുന്നു. മാസങ്ങൾക്ക് മുമ്പുള്ള അരിക്കൊമ്പന്റെ ചിത്രം എടുത്ത് പോസ്റ്റിട്ടതായിരുന്നു എന്ന് ഡിജോ തോമസ് അറിയിച്ചു. ഇതോടെ സുപ്രിയ സഹു പോസ്റ്റ് നീക്കം ചെയ്തു. ആനിമൽ ആക്ടിവിസ്റ്റായ ശ്രീജാ രാമന്റെ പോസ്റ്റ് കണ്ടതിനെ തുടർന്നാണ് താൻ ചീഫ് സെക്രട്ടറിയുടെ വീഡിയോ കണ്ടത് എന്ന് അദ്ദേഹം പറഞ്ഞു. അത് മാസങ്ങൾക്ക് മുൻപ് കണ്ടിട്ടുള്ള വീഡിയോ ആയിരുന്നു. എന്നാൽ അവർ ഇപ്പോൾ എടുത്തതുപോലെയാണ് അത് ട്വീറ്റ് ചെയ്തിരുന്നത്. തുടർന്ന് ഞാൻ അവർക്ക് റിപ്ലൈ ഇട്ടതോടെ ഇവർ ആ പോസ്റ്റ് ഡിലീറ്റ് ചെയ്തു. ‘അരിക്കൊമ്പന്റെ പഴയ വീഡിയോ നിങ്ങൾ മനപ്പൂർവ്വം ഇട്ട് തമിഴ്നാട് വനംവകുപ്പിനെ രക്ഷപ്പെടുത്താനുള്ള നീക്കമാണോ’ എന്നായിരുന്നു ഡിജോ തോമസ് ട്വീറ്റ് ചെയ്തത്.



സുപ്രിയ സഹു ഐ.എ.എസ്

## മൊബൈൽ ഗെയിം കളിച്ച് 52 ലക്ഷം രൂപ നഷ്ടപ്പെടുത്തി പതിമൂന്നുകാരി

ചൈന: മൊബൈൽ ഗെയിം കളിച്ച് 52 ലക്ഷം രൂപ നഷ്ടപ്പെടുത്തി ബീജിങിലെ പതിമൂന്നുകാരി. അമ്മയുടെ ഡെബിറ്റ് കാർഡ് ഉപയോഗിച്ച് അഞ്ച് മാസം കൊണ്ടാണ് ബാങ്ക് അക്കൗണ്ടിൽ നിന്നും ഇത്രയധികം തുക ചിലവഴിച്ച് പെൺകുട്ടി ഗെയിം കളിച്ചത്. പണം പിൻവലിക്കുമ്പോൾ ബാങ്കിൽ നിന്നും ലഭിക്കുന്ന മെസ്സേജുകൾ കുട്ടി തൽസമയം തന്നെ ഡിലീറ്റ് ചെയ്യാറുണ്ടായിരുന്നു.ഇക്കാരണത്താൽ ഇത്ര വലിയ തുക നഷ്ടപ്പെട്ടിട്ടും മാതാവ് വിവരമറിഞ്ഞില്ല. കുട്ടിയുടെ അമിതമായ മൊബൈൽ ഫോൺ ഉപയോഗം ശ്രദ്ധയിൽപ്പെട്ട അധ്യാപകർ മാതാവിനെ വിവരമറിയിക്കുകയായിരുന്നു. ഇവർ അക്കൗണ്ട് പരിശോധിച്ചപ്പോൾ വെറും അഞ്ച് രൂപമാത്രമാണ് ബാലൻസ് ഉണ്ടായിരുന്നത്. ചൈനയിൽ നിന്നും ഇതാദ്യമായല്ല ഇത്തരത്തിൽ ഗെയിം അഡിക്ടായ കുട്ടികൾ പണം നഷ്ടപ്പെടുത്തിയ വാർത്തകൾ വരുന്നത്. ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ മൊബൈൽ ആസക്തിയുള്ള രാജ്യങ്ങളുടെ പട്ടികയിൽ ഒന്നാമതാണ് ചൈന. ഇന്ത്യയിലും സമാനമായ ഒട്ടനവധി സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഹൈദരാബാദിൽ ഒരു 16 കാരൻ മൊബൈൽ ഗെയിമിങ്ങിലൂടെ നഷ്ടപ്പെടുത്തിയത് അമ്മയുടെ അക്കൗണ്ടിലെ 36 ലക്ഷം രൂപയാണ്. ഫ്രീ ഫയർ ഗെയിമിലൂടെയാണ് ഈ കുട്ടി പണം നഷ്ടപ്പെടുത്തിയത്. സൗജന്യ ഗെയിം ആയിരുന്നിട്ടും ഗെയിമിലെ കൂടുതൽ സൗകര്യങ്ങൾ വാങ്ങുന്നതിനായി അവൻ പണം ചിലവാക്കുകായായിരുന്നു.



## എല്ലാ ഇന്ത്യൻ മാധ്യമ പ്രവർത്തകരും ഉടൻ രാജ്യം വിടണം; നിർദേശവുമായി ചൈന

ബീജിങ്: ഇന്ത്യൻ മാധ്യമ പ്രവർത്തകരോട് ഉടൻ രാജ്യം വിട്ടുപോകാൻ നിർദേശിച്ച് ചൈന. രാജ്യങ്ങൾ തമ്മിൽ പരസ്പരം തർക്കം തുടരുന്നതിനിടെയാണ് ചൈന ഇത്തരമൊരു നീക്കം നടത്തിയിരിക്കുന്നത്. ഇന്ത്യയും ചൈനയും തമ്മിലുള്ള നയതന്ത്ര ബന്ധം മോശമായി തുടരുന്നതിനിടെയാണ് ഇന്ത്യൻ മാധ്യമപ്രവർത്തകരോട് രാജ്യം വിടണമെന്ന് ചൈനീസ് സർക്കാർ നിർദേശം. ഈ മാസം തന്നെ രാജ്യം വിടണമെന്ന് പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യ ലേഖകനോടാണ് ആവശ്യപ്പെട്ടത്. ദ് ഹിന്ദുസ്ഥാൻ ടൈംസ് റിപ്പോർട്ടർ നേരത്തേ ചൈനയിൽനിന്നു മടങ്ങി. പ്രസാർ ഭാരതി, ദ് ഹിന്ദു എന്നിവയിലെ രണ്ടു പേരുടെ വീസ പുതുക്കാൻ ഏപ്രിലിൽ ചൈന തയാറായില്ല. പിന്നാലെയാണു നാലാമത്തെ ജേണലിസ്റ്റിനോടും മടങ്ങിപ്പോകാൻ ആവശ്യപ്പെട്ടത്. മാധ്യമപ്രവർത്തകരെ ഒഴിവാക്കുന്നതിനെപ്പറ്റി പ്രതികരിക്കാൻ ചൈനയുടെ വിദേശകാര്യ മന്ത്രാലയം തയാറായില്ല. നേരത്തേ, സിൻഹുവ ന്യൂസ് ഏജൻസി, ചൈന സെൻട്രൽ ടെലിവിഷൻ എന്നിവയിലെ രണ്ടു ജേണലിസ്റ്റുകളുടെ വീസ പുതുക്കാനുള്ള അപേക്ഷ ഇന്ത്യ തള്ളിയിരുന്നു. പി.ടി.ഐ റിപ്പോർട്ടർ രാജ്യം വിടുന്നതോടെ ലോകത്തിലെ രണ്ടാമത്തെ വലിയ സമ്പദ് വ്യവസ്ഥയുള്ള ചൈനയിൽ ഇന്ത്യയുടെ മാധ്യമ സാന്നിധ്യം പൂർണമായും ഇല്ലാതാകും. നേരത്തെ ഇന്ത്യയിൽ തങ്ങളുടെ മാധ്യമ പ്രവർത്തകർക്ക് പ്രവർത്തന സ്വാതന്ത്ര്യമില്ലെന്ന് ചൈന ആരോപിച്ചിരുന്നു. ഇതിന് പിന്നാലെയാണ് ചൈനീസ് നടപടി. ഇന്ത്യയിൽ ഒരു ചൈനീസ് മാധ്യമപ്രവർത്തകൻ അവശേഷിക്കുന്നുവെന്നും ഇന്ത്യ അവർക്ക് വിസ പുതുക്കി നൽകുന്നത് നിഷേധിച്ചുവെന്നും കഴിഞ്ഞ മാസം ചൈനീസ് വിദേശകാര്യ മന്ത്രാലയ വക്താവ് മാവോ നിങ് പ്രതികരിച്ചിരുന്നു.

സത്യാന്ന പ്രമദിതവ്യം

PEOPLE REVIEW

## കെ.കെ ശൈലജയുടെ പരാമർശം സമൂഹം ആഴത്തിൽ പരിശോധിക്കണം

സി.പി.ഐ(എം) കേന്ദ്രകമ്മിറ്റിയംഗവും കേരളംകണ്ട മികച്ച ഭരണാധികാരികളിലൊരാളുമായ കെ.കെ ശൈലജ ടീച്ചർ നടത്തിയ പരാമർശം സി.പി.എം മാത്രം പരിശോധിച്ചാൽ പോര. സമൂഹം ആഴത്തിൽ പരിശോധിക്കേണ്ടതാണ്. കമ്മ്യൂണിസിറ്റ് പാർട്ടി തുല്യതക്ക് വേണ്ടിയാണ് നില കൊള്ളുന്നതെങ്കിലും പാർട്ടിക്കുള്ളിൽ പുരുഷാധിപത്യമുണ്ടെന്നും അതിനെതിരേയും പോരാട്ടം തുടരുകയാണെന്നാണ് അവർ വ്യക്തമാക്കിയത്. സി.പി.എം സ്ത്രീ സമൂഹത്തിന് നല്ല പരിഗണന നൽകുന്ന പാർട്ടിയാണെന്നുള്ളത് ഒരു വസ്തുതയാണ്. എന്നാൽ പുരുഷ കേന്ദ്രീകൃതമായ അധികാര വ്യവസ്ഥയും മേധാവിധ്വവും നിലനിൽക്കുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. ഇക്കാര്യത്തിൽ സി.പി.എമ്മിനകത്ത് മാത്രം പരിശോധന പോര. മറ്റെല്ലാ രാഷ്ട്രീയ പാർട്ടികൾക്കുള്ളിലും മതസംഘടനകൾക്കുള്ളിലും ഇത്തരം പരിശോധനകൾ ആവശ്യമാണ്. സ്ത്രീകളെ പ്രത്യേക സംവരണം കൊടുത്ത് പരിഗണിക്കേണ്ടവരല്ല.

സമൂഹത്തിൽ സ്ത്രീകൾ പുരുഷനെ പോലെ ഇടപെടാനും നയിക്കാനും കഴിവുള്ളവരാണവരെന്നതിനുള്ള നിരവധി ചരിത്രം നമ്മുടെ മുമ്പിലുണ്ട്. പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നിഷേധിക്കുകയും അവരെ വീട്ടിൽ ജോലിയെടുക്കുന്ന ഉപകരണങ്ങളാക്കി മാറ്റിയിരുന്ന ഒരുകാലത്ത് നിന്ന് ശ്രീനാരായണഗുരുവും അയ്യങ്കാളിയും വക്കംമൗലവിയും ഇവിടത്തെ പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങളും ചേർന്ന് നടത്തിയ പ്രവർത്തനത്തിലൂടെയാണ് നാം ഇന്ന് കാണുന്ന മാറ്റങ്ങളുണ്ടായിട്ടുള്ളത്. ഇന്ന് നമ്മുടെ പെൺകുട്ടികൾ വിദ്യാഭ്യസ പുരോഗതിയിൽ ബഹുദൂരം മുമ്പിലാണ്. അർധരാത്രിയിൽ സ്ത്രീകൾക്ക് സ്വതന്ത്രമായി നടക്കാൻ കഴിയുന്ന സാഹചര്യമുള്ള ഒരു സമൂഹമാണ് ഉത്തമമെന്ന് പ്രവാചകൻ മുഹമ്മദ് നബി പറഞ്ഞിട്ടുണ്ട്. പുരുഷ മേധാവിത്വത്തിനെതിരേയുള്ള പോരാട്ടം സ്ത്രീകൾ മാത്രം ഏറ്റെടുക്കേണ്ട ഒന്നല്ല. സ്ത്രീ സമൂഹത്തിനൊപ്പം സമൂഹവും കൈകോർക്കണം. സ്ത്രീകളെ മുന്നണിയിലെത്തിക്കാനും പെൺകുട്ടികൾക്ക് നല്ല വിദ്യാഭ്യാസം നൽകാനും എല്ലാം കുടുംബങ്ങളിലും ഇടപെടലുകൾ നടക്കുന്നുണ്ട്. മതമേധാവികൾക്ക് ഇക്കാര്യത്തിൽ വലിയ പങ്ക് വഹിക്കാനാകും. പല ചടങ്ങുകളിൽപോലും സ്ത്രീകൾക്ക് വിവേചനം നൽകുന്നതായി കാണാം. അതെല്ലാം ഒഴിവാക്കപ്പെടേണ്ടത് തന്നെയാണ്.

നൂറ്റാണ്ടുകൾക്ക് മുൻപ് ആവിർഭവിക്കപ്പെട്ട മതങ്ങൾ മാത്രമല്ല, എല്ലാ ചിന്താധാരകളും ആ കാലത്തിന് വെളിച്ചം പകരുന്നവയായിരുന്നെങ്കിലും പുതിയ കാലങ്ങളിൽ മാറ്റമാവശ്യമുണ്ടെങ്കിൽ അതിന് നേതൃത്വം നൽകേണ്ടത് മതമേലധ്യക്ഷൻമാരാണ്. സ്ത്രീകളെ അടിമകളാക്കിയിരുന്ന നാടുവാഴിത്തവും ഉപഭോഗ വസ്തുക്കളായി മാറ്റുകയും ചെയ്യുന്ന മുതലാളിത്ത വ്യവസ്ഥകളിലൂടെയാണ് നാംകടന്നുപോകുന്നത്. ഉൽപ്പന്നങ്ങളുടെ പരസ്യത്തിന് സിത്രീകളെ പ്രദർശിപ്പിക്കുന്നത് ലാഭാധിഷ്ഠിത സ്വഭാവമുള്ള ഒരു വ്യവസ്ഥയുടെ പ്രകടനമാണ്. സ്ത്രീകൾ അടിമകളോ വിപണന വസ്തുവോ ആയി നിൽക്കേണ്ടവരല്ല. നല്ല പഠനവും അറിവും കൈമുതലായുള്ള ഒരു സ്ത്രീ സമൂഹത്തിന് കൂടുതൽ മെച്ചപ്പെട്ട ഒരു സമൂഹ നിർമിതിയുടെ മുന്നണി പോരാളികളാവാൻ സാധിക്കും. സംസ്ഥാനത്തെ ആദ്യ റവന്യൂ മന്ത്രിയായിരുന്ന കെ.ആർ ഗൗരിയമ്മ സംസ്ഥാന മുഖ്യമന്ത്രിയാവേണ്ട വ്യക്തിയായിരുന്നു. അവരെ പരിഗണിക്കാതിരുന്നതിന് രാഷ്ട്രീയ നേതൃത്വത്തിന് അവരുടേതായ ന്യായങ്ങളുമുണ്ടാകും.

എന്നാലും അത്തരമൊരു സാഹചര്യമുണ്ടായിരുന്നെങ്കിൽ അതൊരു പുതുചരിത്രമായി മാറിയേനെ. സ്വാതന്ത്ര്യ സമരത്തിലേക്കെടുത്ത് ചാടുകയും ബ്രിട്ടീഷുകാർക്കെതിരേ പോരാടി രക്തസാക്ഷിത്വം വരിക്കുകയും ചെയ്ത നിരവധി സ്ത്രീകളുടെ കൂടി ചരിത്രമാണ് ഭാരത ചരിത്രം. രാജ്യ ചരിത്രത്തിലും ഇന്ദിരാഗാന്ധിക്ക് ശേഷം ഒരു വനിതാ പ്രധാനമന്ത്രിയെ നമുക്ക് കാണാനായിട്ടില്ല. സമൂഹത്തിന്റെ മാറ്റത്തിന്റെ പടവാളുകളായ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിലും ഭരണതലങ്ങളിലും സ്ത്രീകൾക്ക് പുരുഷന്റെ സഹായമില്ലാതെ പരിഗണന ലഭിക്കുന്ന ഒരുകാലം നിയമപരമായും അല്ലാതെയും നേടിയെടുക്കാൻ സ്ത്രീകൾ മുന്നോട്ടുവരണം. അവരെ തുല്യരായി കണ്ട് പരിഗണിക്കാൻ പുരുഷ മനഃസ്ഥിതിയും മാറണം. കെ.കെ ശൈലജ ടീച്ചറുയർത്തിയ ചോദ്യങ്ങൾ സമൂഹം ചർച്ച ചെയ്യണം. മാറ്റം ആവശ്യമുള്ളിടത്ത് മാറ്റം ഉണ്ടാകണം. സമൂഹത്തിൽ വലിയ മാറ്റം സൃഷ്ടിച്ചിട്ടുള്ള വിപ്ലവപ്രസ്ഥനങ്ങളിൽ നിന്ന് അതാരംഭിക്കട്ടെ.



# തോട്ടിപ്പണി നിർത്താൻ രാജ്യം ഇനിയും എത്ര നാൾ കാത്തിരിക്കണം?..

**ടി. ഷാഹുൽ ഹമീദ്**

'ഞാൻ പുനർജനിക്കില്ല എന്ന് എനിക്കറിയാം അങ്ങനെ സംഭവിക്കുകയാണെങ്കിൽ തോട്ടികളുടെ കുടുംബത്തിൽ ജനിക്കണം' എന്ന് മഹാത്മാഗാന്ധി പറഞ്ഞത് തോട്ടിപ്പണി ചെയ്യുന്ന ജനവിഭാഗങ്ങൾക്കിടയിലുള്ള എണ്ണമറ്റ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ദുരിതങ്ങളും നേരിൽ കണ്ടതുകൊണ്ടാണ്. രാജ്യത്ത് 58000 പേർ തോട്ടിപ്പണി ചെയ്യുന്നവർ ഉണ്ട് എന്ന കേന്ദ്ര സാമൂഹ്യനീതി വകുപ്പിന്റെ ഏറ്റവും ഒടുവിലത്തെ റിപ്പോർട്ടുകൾ തോട്ടിപ്പണി പൂർണമായും തുടച്ചുനീക്കി എന്ന കേന്ദ്രസർക്കാരിന്റെ അവകാശവാദം ശരിയല്ല എന്ന് വ്യക്തമാക്കുന്നു. മനുഷ്യ വിസർജ്യം തലയിലേറ്റി കൊണ്ടുപോകുന്ന പണിയാണ് തോട്ടിപ്പണി ,അതിപ്പോഴും രാജ്യത്തെ 766 ജില്ലകളിൽ 258 ജില്ലകളിൽ നടക്കുന്നു എന്നത് ആധുനിക ഭാരതം നേടിയ എല്ലാ വിജയങ്ങളെയും നേട്ടങ്ങളെയും നിഷ്പ്രഭമാക്കുന്നു. 2011ലെ സാമൂഹിക സാമ്പത്തിക സെൻസസ് പ്രകാരം 180657 പേർ തോട്ടിപ്പണി എടുക്കുന്നുണ്ട് എന്ന് വ്യക്തമാക്കിയെങ്കിലും നിലവിൽ പുറത്തുവന്ന റിപ്പോർട്ട് പ്രകാരം ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം കുറഞ്ഞിട്ടുണ്ട് എങ്കിലും മഹാരാഷ്ട്ര ,ഗുജറാത്ത് ,മധ്യപ്രദേശ് ,ഉത്തർപ്രദേശ് ,രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ തോട്ടിപ്പണി ഇന്നും നിലനിൽക്കുന്നു എന്ന് വ്യക്തമാക്കപ്പെടുന്നു. രാജ്യം സ്വാതന്ത്ര്യം നേടിയിട്ട് 75 വർഷങ്ങൾ കഴിഞ്ഞെങ്കിലും 66% ജില്ലകളിൽ മാത്രമേ തോട്ടിപ്പണി പൂർണമായും നിർത്തലാക്കുവാൻ സാധിച്ചിട്ടുള്ളൂ ,ബാക്കിയുള്ള ജില്ലകളിൽ ഇന്നും പഴയ കാലത്തെ ജാതിവ്യവസ്ഥിതിയുടെ ഉൽപ്പന്നമായ തോട്ടിപ്പണി നടക്കുന്നു എന്നത് രാജ്യത്തിന് നാണക്കേടാണ് ഉണ്ടാക്കുന്നത്.

1950ൽ ഇന്ത്യയിൽ സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന ജി എസ് ലക്ഷ്മണൻ അയ്യർ ചെയർമാനായിരുന്ന ഗോബി ചെട്ടി പാളയം മുൻസിപ്പാലിറ്റി ഇന്ത്യയിൽ ആദ്യമായി തോട്ടിപ്പണി പൂർണമായും നിരോധിച്ചവെങ്കിലും തോട്ടി പണി നിർത്തലാകുവാൻ ഏഴു പതിറ്റാണ്ട് കഴിഞ്ഞിട്ടും രാജ്യത്തിന് സാധിച്ചിട്ടില്ല . 1214 ൽ യൂറോപ്പിലാണ് തോട്ടിപ്പണി ആദ്യമായി ആരംഭിച്ചത്. 1596ൽ ജോൺ ഹാറിങ്ടൺ വാട്ടർ ക്ലോസെറ്റ് കണ്ടു പിടിക്കുകയും 1870 ൽ എസ്.എസ് ഹെലിയർ ഫ്ലഷ് ടൈപ്പ് കക്കൂസുകൾ കണ്ടുപിടിച്ചതോടെ തോട്ടിപ്പണിക്കാരുടെ ആവശ്യം കുറഞ്ഞു വരികയും ,1950 ആകുമ്പോഴേക്കും മറ്റു തരത്തിലുള്ള കക്കൂസുകളും സെപ്റ്റിക് ടാങ്ക് ഉപയോഗിച്ചുള്ള സംവിധാനങ്ങളും വ്യാപകമായി പ്രചരിക്കുകയും ,യന്ത്രങ്ങൾ ഉപയോഗിച്ച് പ്രത്യക തരത്തിലുള്ള വാഹനത്തിൽ മലവിസർജനം അടക്കമുള്ള മാലിന്യങ്ങൾ പുറത്ത് സുരക്ഷിത കേന്ദ്രങ്ങളിൽ കൊണ്ടുപോയി നശിപ്പിക്കുന്നത് വ്യാപകമായി .1991ൽ പ്ലാനിങ് ബോർഡ് എസ്.കെ ബാസുവിന്റെ നേതൃത്വത്തിൽ പ്രത്യേക ദൗത്യസംഘം രൂപീകരിക്കുകയും മനുഷ്യവിസർജ്യം വിഷമുള്ള അവസ്ഥയിൽ മനുഷ്യരെ ഉപയോഗിച്ച് നശിപ്പിക്കുവാൻ പാടില്ല എന്ന് നിർദ്ദേശിക്കുകയും ചെയ്തു.

1993ൽ പാർലിമെന്റ് തോട്ടികൾക്കും ശൗചാലയങ്ങൾ വൃത്തിയാക്കുന്നവർക്കുമായി ഒരു നിയമം പാസാക്കിയെങ്കിലും ഒറ്റക്കുഴി കക്കൂസുകളും പെട്ടി കക്കൂസുകളും പൂർണമായി ഒഴിവാക്കി തോട്ടിപ്പണി നിർത്തലാക്കുവാൻ സാധിച്ചിട്ടില്ല .2013 ഫെബ്രുവരിയിൽ ഡൽഹി സർക്കാർ തോട്ടിപ്പണി പൂർണമായും നിരോധിച്ചെങ്കിലും ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചില്ല .1970ൽ ബിനേഷ്വർ പദക്ക് 'സുലഭ് 'എന്ന ആശയം കൊണ്ടുവന്നതോടെ പൊതുവിടങ്ങളിൽ നല്ല കക്കൂസുകൾ രാജ്യത്തിന്റെ പല ഭാഗത്തും നിർമ്മിക്കപ്പെടാൻ തുടങ്ങി, പൊതു സ്ഥലങ്ങളിൽ മലമൂത്ര വിസർജനം ചെയ്യുന്നത് കുറക്കുവാനും ശാസ്ത്രീയമായി കക്കൂസ് മാലിന്യം സംസ്കരിക്കുവാനും തുടങ്ങി .1994ൽ ബെസ് വാഡാ വിൽസൺ സഫായി കർമ്മാചാരി എന്ന സാമൂഹ്യ സംഘടന രൂപീകരിച്ചതോടെ ജാതി വ്യവസ്ഥയിൽ താഴ്ന്ന ജാതിക്കാർ ചെയ്യേണ്ടതും ഉയർന്ന ജാതിക്കാർ നിഷ്കർഷിച്ചതുമായ തോട്ടിപണി ചെയ്യുന്നവരുടെ പ്രശ്നങ്ങൾ രാജ്യം ശ്രദ്ധിക്കുവാൻ തുടങ്ങി ,സുപ്രീം കോടതി അടക്കമുള്ള വിവിധ കോടതികൾ പ്രശ്നങ്ങളിൽ ഇടപെടുകയും ചെയ്തു ,ഇതോടെ രാജ്യം തൊട്ടിപ്പണിയിൽ നിന്ന് വിമുക്തി നേടുമെന്ന് വിചാരിച്ചെങ്കിലും പൂർണമായി അത് നേടിയെടുക്കാൻ നാളിതുവരെ സാധിച്ചിട്ടില്ല എന്നത് രാജ്യത്തിന് നിരാശയാണ് സമ്മാനിക്കുന്നത് .തോട്ടിപ്പണി ചെയ്യുന്ന വനിതകൾ 14.6 വയസ്സിന് മുമ്പേ മറ്റു വനിതകളെക്കാൾ മരിച്ചുപോകുന്നു എന്ന റിപ്പോർട്ടുകൾ ഈ മേഖലയിൽ ജോലി ചെയ്യുന്നവരുടെ ആരോഗ്യരംഗത്തെക്കുറിച്ച് നമുടെ മുൻപിൽ ഭീവത്സമായ ചിത്രമാണ് വരച്ച് കാട്ടുന്നത് .മനുഷ്യവിസർജ്യത്തെ യന്ത്രങ്ങൾ കൊണ്ട് സംസ്കരിക്കണം അതിനുപകരം മനുഷ്യരെ ഉപയോഗിച്ച് സംസ്കരിക്കുന്നത് അത്യന്തം ഹീനവും ജുഗുപ്സാവഹമായ പ്രവർത്തിയാണ് .

നാലാം വ്യവസായ വിപ്ലവം കൊടികുത്തി വാഴുമ്പോൾ തൊഴിലിടങ്ങളിൽ അഭുതപൂർവഹമായ മാറ്റവും പരിണാമവും സംഭവിച്ച് മനുഷ്യർക്ക് പകരം റോബോട്ടുകൾ തൊഴിലിടം കീഴടക്കുമ്പോൾ ,ലോകത്താകമാനം മാലിന്യ നിർമ്മാജന മേഖലയിൽ പരിവർത്തനങ്ങൾ ഉണ്ടായി ഓടകളിലും മലിന ജല പിറ്റുകളിലും ശുചികരണത്തിന് മനുഷ്യർക്ക് പകരം റോബോട്ടുകൾ രംഗം കീഴടക്കുമ്പോൾ ആധുനികതയുടെയും വികസനത്തിന്റെയും പരിപ്രക്ഷ്യം അനുഭവിക്കാൻ കഴിയാത്ത മനുഷ്യ കോലങ്ങൾ അഭിമാനക്ഷതമേറ്റ് തൊഴിലിനും ജീവനോപാധിക്കും വേണ്ടി ആരോഗ്യവും അന്തസ്സും പണയപ്പെടുത്തി ജീവിക്കുന്നു എന്നത് രാജ്യത്തിന് അപമാനകരമാണ് .മാലിന്യനിർമ്മാണ മേഖലയിൽ പുത്തൻ സാങ്കേതികവിദ്യയും പുതിയ ഉപകരണങ്ങളും കടന്നുവന്നെങ്കിലും അതൊന്നും അറിയാത്തവരും അനുഭവിക്കാൻ കഴിയാത്തവരും രാജ്യത്തുണ്ട് എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത് .രാജ്യത്തെ 4800 മുനിസിപ്പാലിറ്റികളിലും ഇന്ന് അപകടകരമായ മാലിന്യം കൈകാര്യം ചെയ്യുന്നതിന് വേണ്ടി ആധുനിക രീതിയിലുള്ള സംവിധാനങ്ങൾ ഇല്ല എന്ന് വ്യക്തമാക്കപ്പെടുന്നു .ലോകത്തിലെ ഏറ്റവും വലിയ കക്കൂസ് വാഹകരായ 17 സോണുകളിലായി 63327കിലോമീറ്റർ പരന്നുകിടക്കുന്ന ഇന്ത്യൻ റെയിൽവേയിലെ മനുഷ്യവിസർജ്യ സംസ്കരണത്തിന് ആധുനിക രീതിയിലെ പദ്ധതികൾ ഉണ്ടാകേണ്ടതായിട്ടുണ്ട് .രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലവിൽ എടുപ്പ് കക്കൂസുകൾക്കും ,കുഴി കക്കൂസുകൾക്കും പൂർണമായ നിരോധനം വന്നിട്ടില്ല ,ഇതിലെ മാലിന്യം മാറ്റാൻ വിധിക്കപ്പെട്ട ആയിരകണക്കിന് തോട്ടി പണിക്കാരെ ഓർത്ത് നമുക്ക് വിലപിക്കാം.

തോട്ടിപ്പണിയെടുക്കുന്നവരിൽ 97.25% പട്ടിക ജാതിയിൽ വിഭാഗത്തിലുള്ളവരാണ് എസ് ടി ,ഒ ബി സി വിഭാഗത്തിൽപെട്ടവരും കുറഞ്ഞ രീതിയിൽ ഉണ്ട് ,അതുകൊണ്ട് ജാതിപരമായ ആക്രമണം എന്നാണ് തോട്ടിപ്പണിയെ കുറിച്ച് പറയുന്നത് .ഈ മേഖലയിൽ നൂറുകണക്കിന് മരണം നടക്കുന്നുണ്ട് എങ്കിലും കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ തോട്ടിപ്പണിയെടുത്തോ പ്രയാസകരമായ രീതിയിൽ മാലിന്യ നീക്കം ചെയ്യുന്നതിനിടയിലോ ആരും തന്നെ മരിച്ചിട്ടില്ല എന്നാണ് കേന്ദ്രസർക്കാർ വ്യക്തമാക്കുന്നത് 1993 മുതൽ 2021 വരെ 971 പേർ മരിച്ചു എന്നാണ് അനൗദ്യോഗികമായ കണക്ക് . 2021ൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ എല്ലാതര പ്രയാസകരമായ ശുചീകരണ പ്രവർത്തികളിൽ നിന്നും മനുഷ്യരെ ഒഴിവാക്കണമെന്ന് നിഷ്കർഷിക്കുകയുണ്ടായി.

മനുഷ്യർ യന്ത്രങ്ങളുടെ സഹായം ഇല്ലാതെ തോട്ടി പണി ചെയ്യുന്ന അവസ്ഥ ഇനിയും പൂർണമായി അവസാനിപ്പിച്ചിട്ടില്ലെന്ന് കണക്കുകൾ വ്യക്തമാക്കുന്നു .നിലവിൽ തോട്ടിപ്പണി ചെയ്യുന്നവരെ അടിയന്തിരമായി പുനരധിവസിപ്പിക്കണം നാളിതുവരെ നടത്തിയ പുനരധിവാസ പ്രവർത്തനങ്ങൾ പൂർണമായിട്ടില്ല എന്ന് അനുഭവത്തിൽ നിന്നും വ്യക്തമാക്കുന്നു .പുതിയ മേച്ചിൽപുറവും വൈദഗ്ധ്യവും അവർക്ക് നൽകേണ്ടതായിട്ടുണ്ട് ,കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ നൂറുകോടി രൂപ വകയിരുത്തി നടപ്പിലാക്കുന്ന നമസ്തേ പദ്ധതിയിൽ ആധുനിക രീതിയിലുള്ള സാങ്കേതിക ഉപകരണങ്ങൾ 100% സബ്സിഡിയോടുകൂടി തോട്ടിപ്പണി ചെയ്യുന്നവർക്ക് നൽകണം ,നിലവിൽ തോട്ടിപ്പണി ചെയ്യുന്നവരുടെ ആരോഗ്യം ഹനികരമാക്കാത്ത രീതിയിൽ അത്യാധുനിക ഉപകരണങ്ങളും സുരക്ഷിതമായി ജോലി ചെയ്യുന്നതിനുള്ള ഉപകരണങ്ങളും അവർക്ക് നൽക്കുകയും ,കൃത്രിമ ബുദ്ധി സാർവത്രികമായ ഘട്ടത്തിൽ റോബോട്ടുകൾ പ്രചാരണം നേടിയ സന്ദർഭത്തിൽ നിലവിലുള്ള തോട്ടിപ്പണി ചെയ്യുന്നവരെ മാറ്റി പകരം കോബോട്ടുകളെ ചുമതലപ്പെടുത്തി നിലവിലുള്ള പദ്ധതികളിൽകാതലായ മാറ്റം വന്നാൽ പൂർണ്ണമായും തോട്ടിപ്പണി നിർത്തുവാൻ സാധിക്കും ,ഇതിന് സർക്കാർ മുന്നോട്ടു വരേണ്ടതായിട്ടുണ്ട് അല്ലെങ്കിൽ രാജ്യം നേടിയെടുത്ത എണ്ണമറ്റ നേട്ടങ്ങൾക്കു മുമ്പിൽ ഒരു കറുത്ത കുത്തായി തൊട്ടിപ്പണി ചെയ്യുന്നവരും അവരുടെ ജീവിതവും മാറും എന്നതിൽ സംശയമില്ല.

## സ്കൂൾ പാചകത്തൊഴിലാളികളുടെ അവകാശ പത്രിക നടപ്പിലാക്കണം; സത്യഗ്രഹം നടത്തി

ഇരിഞ്ഞാലക്കുട: സ്കൂൾ പാചകത്തൊഴിലാളികളുടെ അവകാശ പത്രിക നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്കൂൾ പാചകത്തൊഴിലാളി സംഘടന(എച്ച്.എം.എസ് )യുടെനേതൃത്വത്തിൽ തൊഴിലാളികൾഇരിഞ്ഞാലക്കുടയിൽ മന്ത്രി ആർ.ബിന്ദുവിന്റെ ഓഫിസിന് മുന്നിൽ സത്യഗ്രഹം നടത്തി. ശമ്പള കുടിശ്ശികപൂർണമായും വിതരണം ചെയ്യുക, 2016ൽ സർക്കാർ അംഗീകരിച്ച 250 വിദ്യാർഥികൾക്ക് ഒരു തൊഴിലാളി എന്നതീരുമാനം നടപ്പിലാക്കുക, മിനിമം വേതനം 900 രൂപയായി വർധിപ്പിക്കുക , 60വയസിൽ ജോലിയിൽ നിന്ന് പിരിയുന്നവർക്ക് അഞ്ച് ലക്ഷം രൂപ പെൻഷൻ ആനുകൂല്യമായി നൽകുക, ചികിത്സ ആനുകൂല്യങ്ങൾ അനുവദിക്കുക, വിലക്കയറ്റം നിയന്ത്രിക്കുക, സ്കൂൾ പാചകത്തൊഴിലാളികളെ വിദ്യാഭ്യാസ വകുപ്പിൽ കണ്ടിജൻസി ജീവനക്കാരായി അംഗീകരിക്കുക തുടങ്ങിയ ആവശ്യങ്ങളാണ് സംഘടന ഉന്നയിക്കുന്നത്. എച്ച്.എം.എസ് സംസ്ഥാന ജനറൽ സെക്രട്ടറി ടോമി മാത്യുസ ത്യഗ്രഹം ഉദ്ഘാടനം ചെയ്തു. സ്കൂൾ പാചകത്തൊഴിലാളി സംഘടന ജനറൽ സെക്രട്ടറി ജി. ഷാനവാസ്,തേറമ്പിൽ ശ്രീധരൻ, കെ.എസ് ജോഷി, ഡേവിസ് വില്ലേടത്തുകാരൻ, രാഹുൽ വി.നായർ , പി.എം ഷംസുദ്ദീൻ, റോസി റപ്പായി,ഓമന ശിവൻ എന്നിവർ സംസാരിച്ചു.




എച്ച്.എം.എസിന്റെ നേതൃത്വത്തിൽ മന്ത്രി ആർ.ബിന്ദുവിന്റെ ഓഫിസിന് മുന്നിൽ നടത്തിയ പ്രതിഷേധ ധർണയിൽ നിന്ന്

## ഉത്തര കേരളത്തിന്റെ ടൂറിസം സാധ്യതകൾ പരിചയപ്പെടുത്താൻ ലക്ഷ്യമിട്ട് 'മലബാർ ടൂറിസം മീറ്റ് 2023' ഒരുങ്ങുന്നു; ഡിജിറ്റൽ ലോഗോ പ്രകാശനം ചെയ്തു

കോഴിക്കോട്: ഉത്തര കേരളത്തിന്റെ ടൂറിസം സാധ്യതകൾ ലോകത്തെ പരിചയപ്പെടുത്താൻ ലക്ഷ്യമിട്ട് മലബാർ ടൂറിസം കൗൺസിലിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 14, 15, 16 തിയ്യതികളിൽ വടകര ഇരിങ്ങൽ സർഗാലയിൽ വച്ച് മലബാർ ടൂറിസം മീറ്റ് സംഘടിപ്പിക്കുന്നു. പരിപാടിയുടെ ലോഗോ പ്രകാശനം മലബാർ ടൂറിസം സൊസൈറ്റി പ്രസിഡന്റ് എം.പി.എം മുബഷീർ നിർവഹിച്ചു.

ടൂറിസം രംഗത്ത് അന്തർദേശീയ തലത്തിലുള്ള പുതിയ ട്രെൻഡുകൾ അറിയാനും കേരളത്തിന്റെ പ്രത്യേകിച്ച് മലബാറിന്റെ ടൂറിസം സാധ്യതകളെ പരിചയപ്പെടാനുമുള്ള വേദി ഒരുക്കുകയാണ് മലബാർ ടൂറിസം മീറ്റെന്ന് എം.പി.എം മുബഷീർ പറഞ്ഞു.മലബാർ ടൂറിസം കൗൺസിൽ പ്രസിഡന്റ് സജീർ പടിക്കൽ അധ്യക്ഷത വഹിച്ചു.

ഉപദേശക സമിതി അംഗം ടി.പി.എം ഹാഷിർ അലി, കാലിക്കറ്റ് ചേമ്പർ പ്രസിഡന്റ് റാഫി പി. ദേവസ്യ, ഡ്രീം ചാലിയാർ സെക്രട്ടറി ഗുലാം ഹുസൈൻ കൊളക്കാടൻ , മലബാർ ടൂറിസം സൊസൈറ്റി വൈസ് പ്രസിഡന്റ് അമീൻ നെച്ചിക്കാടൻ , മലബാർ ടൂറിസം കൗൺസിൽ സെക്രട്ടറി രജീഷ് രാഘവൻ തുടങ്ങിയവർ സംസാരിച്ചു.




'മലബാർ ടൂറിസം മീറ്റ് 2023'ന്റെ ഡിജിറ്റൽ ലോഗോ പ്രകാശനം മലബാർ ടൂറിസം സൊസൈറ്റി പ്രസിഡന്റ് എം.പി.എം മുബഷീർ നിർവഹിച്ചപ്പോൾ



വിജയ സന്തോഷ് കൽപ്പറ്റയുടെ 'മഴ നനഞ്ഞ ഇടവഴികൾ' കവിതാ സമാഹാരം എം.എൽ.എ ഐ.സി ബാലകൃഷ്ണൻ, കോഴിക്കോട് ആർ.ഡി.ഡി സന്തോഷ് കുമാറിന് നൽകി പ്രകാശനം ചെയ്യുന്നു

# 'മഴ നനഞ്ഞ ഇടവഴികൾ' പ്രകാശനം ചെയ്തു

മീനങ്ങാടി: വയനാട് ജില്ല പൊളിറ്റിക്കൽ സയൻസ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ വിജയ സന്തോഷ് കൽപ്പറ്റയുടെ 'മഴ നനഞ്ഞ ഇടവഴികൾ' (കവിതാ സമാഹാരം) ജി.എച്ച്.എസ്.എസ് മീനങ്ങാടിയിൽ വച്ച് എം.എൽ.എ ഐ.സി ബാലകൃഷ്ണൻ, കോഴിക്കോട് ആർ.ഡി.ഡി സന്തോഷ് കുമാറിന് നൽകി പ്രകാശനം ചെയ്തു. അസോസിയേഷൻ പ്രസിഡന്റ് ലിസ ടീച്ചർ അധ്യക്ഷത വഹിച്ചു. കവയിത്രി വിജയ സന്തോഷ് കൽപ്പറ്റ മറുമൊഴി നടത്തി. മീനങ്ങാടി പഞ്ചായത്ത് പ്രസിഡന്റ് കെ.വി വിനയൻ ആശംസയും ജി.എച്ച്.എസ്.എസ് വെള്ളമുണ്ടയിലെ എൽദോസ് മാഷ് നന്ദിയും പറഞ്ഞു.

# അന്താരാഷ്ട്ര മെഡിക്കൽ സമ്മേളനം പ്രൗഢമായി

കോഴിക്കോട്: മർകസ് നോളജ് സിറ്റിയിൽ നടന്ന അന്താരാഷ്ട്ര മെഡിക്കൽ സമ്മേളനം പ്രൗഢമായി. മർകസ് യുനാനി മെഡിക്കൽ കോളജ്, ഡോ. മൂപ്പൻസ് മെഡിക്കൽ കോളജ്, മെഡിസിൻ ഇന്ത്യ എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് സമ്മേളനം സംഘടിപ്പിച്ചത്. മെഡിസിൻ ഇന്ത്യ സ്ഥാപകൻ ഡോ. ശുജ പുനേക്കറിന്റെ അധ്യക്ഷതയിൽ ഡോ. മൂപ്പൻസ് മെഡിക്കൽ കോളജ് ഡീൻ ഡോ. ഗോപകുമാരൻ കർത്ത ഉദ്ഘാടനം ചെയ്തു.

മർകസ് നോളജ് സിറ്റി മാനേജിംഗ് ഡയരക്ടർ ഡോ. എ.പി അബ്ദുൽ ഹകീം അസ്ഹരി മുഖ്യപ്രഭാഷണം നടത്തി. ഡോ. അനീഷ് ബഷീർ, ഡോ. അമീർ ഹസൻ, ഡോ. ശൈഖ് ശാഹുൽ ഹമീദ് എന്നിവർ സംസാരിച്ചു. തുടർന്ന്, പ്രൊഫ. അലൻ ബിട്ടിൽ ആസ്ട്രേലിയ, ഡോ. അജു മാത്യു, ഡോ. ഗ്രെയ്സ് റൗലി യു.കെ, ഡോ. ഒ.കെ.എം അബ്ദുർറഹ്മാൻ, ഡോ. പി.വി ശംസുദ്ധീൻ, ഡോ. ഗിരീഷ് വാഡഗോങ്കർ മുംബൈ തുടങ്ങിയവർ വ്യത്യസ്ത വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിച്ചു. കാൻസർ പരിചരണം, ഭക്ഷ്യ സുരക്ഷ, പോഷകാഹാരം, പകർച്ച വ്യാധി പ്രതിരോധത്തിലെ യുനാനിയുടെ സമീപനം, പാലിയേറ്റീവ് കെയർ; മർകസിന്റെ സമീപനം, ആരോഗ്യ രംഗത്തെ നിലവാരം മെച്ചപ്പെടുത്തൽ, മെഡിക്കൽ എത്തിക്സ് തുടങ്ങിയ വിഷയങ്ങളിൽ ചർച്ച നടന്നു. രാജ്യത്തെ വിവിധ മെഡിക്കൽ കോളേജുകളിൽ നിന്നായി ആയിരത്തോളം മെഡിക്കൽ വിദ്യാർഥികളും ഡോക്ടർമാരും സമ്മേളനത്തിൽ പങ്കെടുത്തു.




മർകസ് നോളജ് സിറ്റിയിൽ നടന്ന അന്താരാഷ്ട്ര മെഡിക്കൽ സമ്മേളനത്തിൽ നിന്ന്

## മഴക്കാലത്തെ പശുപരിപാലനം; ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. കാലിത്തീറ്റയും തീറ്റസാമഗ്രികളും നനയാതിരിക്കാൻ മുൻകരുതലുകൾ എടുക്കുക.

2. തൊഴുത്തിന് ചുറ്റും സമീപത്തും മഴവെള്ളം ഒഴുകിപോകുന്നതിനുള്ള നീർച്ചാലുകൾ ഒരുക്കുക.

3. ചാണകക്കുഴിയിൽ വെള്ളം കയറാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുക.

4. മഴവെള്ളം കെട്ടിക്കിടക്കാൻ സാധ്യതയുള്ള കുഴികൾ നികത്തുക.

5. തൊഴുത്തിന് മുകളിലേക്ക് ചാഞ്ഞുനിൽക്കുന്ന വൃക്ഷക്കമ്പുകൾ വെട്ടിയൊതുക്കുക.

6. കാറ്റിൽ മഴവെള്ളം തൊഴുത്തിലേക്ക് കടക്കാതിരിക്കാൻ മഴമറകൾ ഉപയോഗിക്കുക.

7. പശുക്കുട്ടികൾക്ക് നനയാത്ത വൈക്കോൽ ഉപയോഗിച്ച് മെത്തയൊരുക്കുക.

8. തൊഴുത്തിൽ ശുദ്ധവായു സഞ്ചാരം ഉറപ്പാക്കുക.

9. വൈദ്യുതാഘാതം ഏൽക്കാതിരിക്കാനുള്ള മുൻകരുതലുകൾ തയ്യാറാക്കുക.



രാമനാട്ടുകരയിൽ തുണിക്കടയിലുണ്ടായ തീപിടിത്തം അണയ്ക്കാൻ ശ്രമിക്കുന്ന ഫയർഫോഴ്സ് ജീവനക്കാരും നാട്ടുകാരും

# രാമനാട്ടുകരയിൽ തുണിക്കടയ്ക്ക് തീപിടിച്ചു; മൂന്നരക്കോടിയുടെ നഷ്ടം

കോഴിക്കോട്: രാമനാട്ടുകരയിൽ വൈറ്റ് സിൽക്സ് എന്ന തുണിക്കടയ്ക്ക് തീപിടിച്ചു. നാട്ടുകാരും ഫയർഫോഴ്സും ചേർന്ന് പെട്ടന്ന് തീയണച്ചതിനാൽ വൻ അപകടം ഒഴിവായി. മൂന്നര കോടി രൂപയുടെ നഷ്ടമുണ്ടായെന്ന് കടയുടമ മുഹമ്മദ് കുട്ടി പറഞ്ഞു. ഞായറാഴ്ച അവധിയായതിനാൽ അടച്ചിട്ടിരിക്കുകയായിരുന്ന കടയിൽനിന്ന് പുക ഉയരുന്നത് കണ്ട നാട്ടുകാർ വിവരം അടുത്തുണ്ടായിരുന്ന ട്രാഫിക് പോലിസിനെ അറിയിക്കുകയും ട്രാഫിക് പോലിസ് ഫയർ ഫോഴ്സിനെ വിളിക്കുകയുമായിരുന്നു. നാല് യൂണിറ്റ് ഫയർഫോഴ്സും നാട്ടുകാരും ചേർന്ന് പെട്ടന്ന് തീയണച്ചതോടെ വലിയ ദുരന്തം ഒഴിവായി. തൊട്ടടുത്ത് ധാരാളം കടകളും സ്ഥാപനങ്ങളും ഉണ്ടായിരുന്നു. അതിവേഗം തീയണച്ചത് രക്ഷയായി. ഷോർട്ട് സർക്യൂട്ടാകാം തീപിടിത്തത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം.

# 'സന്നദ്ധം ജീവൻരക്ഷാ പരിശീലന പദ്ധതി'ക്ക് ജില്ലയിൽ തുടക്കം

കോഴിക്കോട്:സിയെസ്കോയും, ഹയർ സെക്കൻഡറി നാഷണൽ സർവീസ് സ്കീം കോഴിക്കോട് ജില്ല, ഏയ്ഞ്ചൽസ് കോഴിക്കോട് ജില്ലാ കമ്മിറ്റിയുടേയും സഹകരണത്തോടെ സംഘടിപ്പിച്ച ജീവൻ രക്ഷാ പരിശീലന പദ്ധതി 'സന്നദ്ധം' സൗത്ത് ജില്ലാതല ഉദ്ഘാടനം തുറമുഖ പുരാവസ്തു വകുപ്പ് മന്ത്രി അഹമ്മദ് ദേവർ കോവിൽ നിർവഹിച്ചു. ദുരന്തമുഖത്ത് ആത്മവിശ്വാസത്തോടെ സഹജീവികളുടെ ജീവൻ രക്ഷിക്കാൻ വിദ്യാർഥികളെ സന്നദ്ധരാക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ അഭിനന്ദനീയമാണെന്ന് അദ്ദേഹം പറഞ്ഞു. സിയെസ്കോ പ്രസിഡന്റ് എൻജിനീയർ പി. മമ്മതുകോയ അധ്യക്ഷത വഹിച്ചു. ഹയർസെക്കൻഡറി എൻ.എസ്.എസ് സൗത്ത് ജില്ലാ കോ-ഓർഡിനേറ്റർ എം.കെ ഫൈസൽ പ്രോജക്ട് വിശദീകരിച്ചു. നോർത്ത് ജില്ലാ കൺവീനർ എസ്. ശ്രീചിത്ത് എൻ.എസ്.എസ് സന്ദേശം നൽകി.ജില്ലയിൽ ഡിസാസ്റ്റർ മാനേജ്മെന്റുമായി ബന്ധപ്പെട്ടുകൊണ്ട് എല്ലാ എൻ.എസ്.എസ് വളണ്ടിയർമാർക്കും പ്രാഥമികമായ ശാസ്ത്രീയ പരിശീലനം നൽകുന്നതിന് മുന്നോടിയായിട്ടാണ് പരിശീലനം സംഘടിപ്പിച്ചിട്ടുള്ളത്. പ്രഥമഘട്ടത്തിൽ ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 80 എൻ.എസ്.എസ് വളണ്ടിയർമാർക്കാണ് പരിശീലനം നൽകിയത്. സിയെസ്കോ ജന. സെക്രട്ടറി സർഷാർ അലി, ഡോ.അജിൽ അബ്ദുള്ള, കൗൺസിലർ കെ.മൊയ്തീൻ കോയ, ,പി.വി യൂനുസ്, റഫീക് കെ.എൻ, ആർ.ജയന്ത്, എന്നിവർ സംസാരിച്ചു. ഫയർ ആന്റ് റസ്ക്യൂ ഏയ്ൽസിന്റെ ട്രെയിനർമാരായ മുനീർ എം.പി, ജസ്റ്റിലീ റഹ്മാൻ, സൂര്യ, അശ്റഫ്, ബിജു തുടങ്ങിയവർ പരിശീലനത്തിന് നേതൃത്വം നൽകി.




സന്നദ്ധം ജീവൻരക്ഷാ പരിശീലന പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുന്ന മന്ത്രി അഹമ്മദ് ദേവർകോവിൽ

# കാലാവധി പൂർത്തിയാക്കുന്ന ബഹ്റൈനിലെ ഇന്ത്യൻ അംബാസിഡർ പിയൂഷ് ശ്രീവാസ്തവയ്ക്ക് യാത്രയയപ്പ് നൽകി

മനാമ: ബഹ്റൈനിലെ ഇന്ത്യൻ സ്ഥാനപതി പീയൂഷ് ശ്രീവാസ്തവ ബഹ്റൈനിലെ തന്റെ കാലാവധി ഉടൻ പൂർത്തിയാക്കും, കൂടാതെ തന്റെ പുതിയ ചുമതലകളും ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കുന്നതിനായി ന്യൂഡൽഹിയിലേക്ക് മാറും. സ്വിസ് ബെൽ ഹോട്ടലിൽ നടന്ന യാത്രയയപ്പ് സ്വീകരണത്തിന് പി.എൽ.സി ഗവേണിംഗ് കൗൺസിൽ അംഗങ്ങൾ, കമ്മ്യൂണിറ്റി നേതാക്കൾ, വിവിധ കമ്മ്യൂണിറ്റി സംഘടനകളിൽ നിന്നുള്ള അംഗങ്ങൾ എന്നിവരിൽ നിന്ന് മികച്ച പ്രതികരണമാണ് ലഭിച്ചത്. ഇന്ത്യൻ കമ്മ്യൂണിറ്റി നേതാക്കൾക്കൊപ്പം പി.എൽ.സി അദ്ദേഹത്തെ അഭിനന്ദിച്ചു. 'ഇന്ത്യൻ സമൂഹത്തിന്റെ ക്ഷേമത്തിന് അംബാസിഡർ സുപ്രധാന പ്രാധാന്യം നൽകിയിട്ടുണ്ട്. ഇന്ത്യയും ബഹ്റൈനും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിലും ഉഭയകക്ഷി ബന്ധങ്ങളിൽ ശാശ്വതമായ സ്വാധീനം സൃഷ്ടിക്കുന്നതിലും അദ്ദേഹം പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ബഹ്റൈൻ സർക്കാർ ഉദ്യോഗസ്ഥരുമായും പ്രാദേശിക സംഘടനകളുമായും കമ്മ്യൂണിറ്റി അംഗങ്ങളുമായും സജീവമായി ഇടപഴകുകയും സാംസ്കാരിക വിനിമയവും സഹകരണവും ഫലപ്രദമായി പ്രോത്സാഹിപ്പിക്കുകയും ചെയ്തുവെന്ന്' പി.എൽ.സി കൺട്രി ഹെഡ് സുധീർ തിരുനിലത്ത് പറഞ്ഞു. പി.എൽ.സി പാനൽ അഭിഭാഷകൻ അഡ്വ. താരിഖ് അൽ-ഓൺ, എം.ഡബ്ല്യൂ.പി.എസ് സെക്രട്ടറി ജനറൽ അഡ്വ. മാധവൻ കല്ലത്ത്, ബി.കെ.എസ് പ്രസിഡന്റ് പി.വി രാധാകൃഷ്ണ പിള്ള, വേൾഡ് എൻ.ആർ.ഐ കൗൺസിൽ ഡയരക്ടർ അരുൺ ഗോവിന്ദ്, അന്നൈ തമിൾ മന്ദ്രം പ്രസിഡന്റ് പളനി സ്വാമി, കന്നഡ സംഘത്തിന്റെ പ്രസിഡന്റ് പ്രദീപ് ഷെട്ടി. സമന്ത പരിവാർ പ്രസിഡന്റ് മിലൻ ബ്രിജ് കിഷോർ, തെലുങ്ക് കലാ സമിതി ജനറൽ സെക്രട്ടറി വംശി, ഐമാക് ബഹ്റൈൻ മീഡിയ സിറ്റി ചെയർമാനും മാനേജിംഗ് ഡയരക്ടറുമായ ഫ്രാൻസിസ് കൈതാരത്ത്, ഡി.ടി ചെയർമാൻ ഉണ്ണികൃഷ്ണൻ, ബഹ്റൈൻ ദിസ് മന്തിൽ നിന്നുള്ള മിഡിൽടൺ എന്നിവർ അദ്ദേഹത്തിന് ആശംസകൾ നേർന്നു. ബഹ്റൈൻ സർക്കാരിൽ നിന്നും കമ്മ്യൂണിറ്റി അംഗങ്ങളിൽ നിന്നും ലഭിച്ച ഊഷ്മളമായ യാത്രയയപ്പിനും പിന്തുണക്കും അംബാസിഡർ നന്ദി രേഖപ്പെടുത്തി. പി.എൽ.സി കൺട്രി കോ-ഓർഡിനേറ്റർ അമൽ ദേവ്, ട്രഷറർ ടോജി, പ്രവാസി ലീഗൽ സെൽ ഗവേണിംഗ് കൗൺസിൽ അംഗങ്ങളായ വിനോദ് നാരായണൻ, ജയ്ഷാ, സെന്തിൽ, ശ്രീജ, സ്പന്ദന എന്നിവർ പരിപാടികൾ ഏകോപിപ്പിച്ചു. പി.എൽ.സി ബഹ്റൈൻ ചാപ്റ്റർ ജനറൽ സെക്രട്ടറി സുഷമ ഗുപ്ത നന്ദി പറഞ്ഞു. രമൺ പ്രീത് ആയിരുന്നു പരിപാടിയുടെ അവതാരക.




കാലാവധി പൂർത്തിയാക്കുന്ന ബഹ്റൈനിലെ ഇന്ത്യൻ അംബാസിഡർ പിയൂഷ് ശ്രീവാസ്തവയ്ക്ക് യാത്രയയപ്പ് നൽകിയപ്പോൾ

# കേരളത്തിലെ മാധ്യമ സ്വാതന്ത്ര്യത്തിന് നേരെയുള്ള കടന്നുകയറ്റം: സീതാറാം യെച്ചൂരി മറുപടി പറയണം: കെ.സുരേന്ദ്രൻ

കോഴിക്കോട്: വ്യാജരേഖ ചമച്ച് ജോലി നേടിയ മുൻ എസ്.എഫ്.ഐ നേതാവിനെതിരേയും പരീക്ഷ എഴുതാതെ പരീക്ഷ പാസായ എസ്.എഫ്.ഐ സംസ്ഥാന സെക്രട്ടറിക്കെതിരേയും വാർത്ത റിപ്പോർട്ട് ചെയ്തതിന്റെ പേരിൽ പിണറായി വിജയൻ സർക്കാർ മാധ്യമപ്രവർത്തകയ്ക്കെതിരേ കേസെടുക്കുന്നത് നമ്മുടെ നാട്ടിൽ കേട്ടുകേൾവിയില്ലാത്തതാണെന്ന് ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ പറഞ്ഞു. സർക്കാരിനെ ചോദ്യം ചെയ്യുന്നവരെ ജയിലിലടയ്ക്കാൻ ശ്രമിക്കുകയാണെന്നും ഇതിനെ ചോദ്യം ചെയ്യാൻ എന്തുകൊണ്ടാണ് യെച്ചൂരി തയ്യാറാവാത്തതെന്നും സുരേന്ദ്രൻ ചോദിച്ചു.




മികവിന് മാറ്റുകൂട്ടാൻ ആസ്റ്റർ മിംസിന് തുണയായി ജനകീയ ഡോക്ടർമാരുടെ സേവനവും

ആസ്റ്റർ ഡിഎം ഹെൽത്ത് കെയറിന്റെ നോർത്ത് കേരള ക്രിട്ടിക്കൽ കെയർ ഡയറക്ടറായി കേരള ജനതയ്ക്ക് സുപരിചിതനായ ഡോക്ടർ അനൂപ് കുമാർ

സവിശേഷതകൾ:

- കേരളത്തിലെ ഏറ്റവും വലിയ ക്രിട്ടിക്കൽ കെയർ വിഭാഗം.
- സ്നേക്ക് ബൈറ്റ് & ടോക്സിക്കോളജി ഉൾപ്പെടെ 40 ഓളം ഐസിയു ബെഡ്ഡുകൾ.
- ECMO ഉൾപ്പെടെ ലോകത്തിലെ ഏറ്റവും നൂതനമായ ജീവൻരക്ഷാ സംവിധാനങ്ങൾ.
- ലെവൽ 1 ട്രോമാ കെയർ യൂണിറ്റിന്റെ പിന്തുണ.
- കൺസൾട്ടന്റ് ഇന്റൻസിവിസ്റ്റുകളുടെ മുഴുവൻസമയ സേവനം.
- ക്രിട്ടിക്കൽകെയറിൽ വിദഗ്ധപരിശീലനം ലഭിച്ച നഴ്സുമാർ, റെസ്പിറേറ്ററിതെറാപ്പിസ്റ്റുകൾ, ക്ലിനിക്കൽ മൈക്രോ ബയോളജിസ്റ്റ്, ക്ലിനിക്കൽ ന്യൂട്രീഷനിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ്, എന്നിവരുൾപ്പെടുന്ന ലോകോത്തര സപ്പോർട്ടിംഗ് സംവിധാനങ്ങൾ.
- അപൂർവ്വമായ ബാക്ടീരിയൽ വൈറൽ അണുബാധകൾപോലും പെട്ടന്ന് നിർണ്ണയിക്കാൻ സാധിക്കുന്ന മോളിക്കുലാർ, മൈക്രോബയോളജി ലാബുകളുടെ സേവനം.
- അമിതമായതോതിലുള്ള മരുന്ന്, കീടനാശിനികൾ എന്നിവ കൊണ്ടുണ്ടാകുന്ന വിഷബാധയ്ക്കെതിരെ വിപുലമായ ടോക്സിക്കോളജി പരിശോധനാ സംവിധാനത്തിന്റെ പിൻബലത്തോട് കൂടിയുള്ള നൂതന ചികിത്സാമാർഗ്ഗങ്ങൾ.

NOW@ Aster MIMS Calicut



Dr. Anoop Kumar A S
MD, IDCCM, EDIC
Director - Critical Care Medicine
Aster North Kerala Cluster



Dr. Gangaprasad G
MD, IDCCM, EDIC
Associate Director - Critical Care Medicine
Aster North Kerala Cluster

INSTITUTE OF CRITICAL CARE MEDICINE & ECMO SERVICES WITH TOXICOLOGY AND SNAKEBITE UNIT

24×7 Critical Care, Toxicology & Snake Bite
HELPLINE: 9526328800, 0495 6791000

Aster MIMS HOSPITAL
We'll Treat You Well
CALICUT

# അജയ്യം ആസ്ട്രേലിയ

## ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് കിരീടം ആസ്ട്രേലിയക്ക്. ഫൈനലിൽ ഇന്ത്യയെ 209 റൺസിന് പരാജയപ്പെടുത്തി



ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് കിരീടവുമായി ആസ്ട്രേലിയൻ ടീം

ഓവൽ: അനിവാര്യമായ പരാജയം. ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിന്റെ ഫൈനൽ മത്സരം കണ്ട ഓരോ ക്രിക്കറ്റ് പ്രേമിക്കും ഇന്ത്യൻ ടീമിന്റെ പ്രകടനത്തെക്കുറിച്ച പറയാനുണ്ടാവുക ഇതായിരിക്കും. ടോപ് ഓർഡർ ബാറ്റ്സ്മാൻമാർ അമ്പേ പരാജിതരായപ്പോൾ തുടർച്ചയായ രണ്ടാംവട്ടവും ഫൈനലിൽ മുട്ടുമടക്കി ടീം ഇന്ത്യ. കഴിഞ്ഞ തവണ ന്യൂസിലൻഡിനോടായിരുന്നു പരാജയമെങ്കിൽ ഇത്തവണ മൈറ്റി ഓസിസിനോടാണ് ഇന്ത്യൻ ടീം തോറ്റു തുന്നംപാടിയത്. 209 റൺസിനാണ് ആസ്ട്രേലിയ ഫൈനലിൽ ജയിച്ചു കയറി കിരീടം സ്വന്തമാക്കിയത്.

മത്സരത്തിന്റെ ഒരുനിമിഷത്തിൽ പോലും ഒട്ടും പോരാട്ടവീര്യം പുറത്തെടുക്കാൻ കഴിയാതെ പോയതാണ് ഇന്ത്യയുടെ പ്രധാന തിരിച്ചടിക്ക് കാരണം. അജിൻക്യ രഹാനെയൊഴികെയുള്ള ടോപ് ഓർഡർ ബാറ്റ്സ്മാൻമാർ കടലാസിലെ പുലികളായി മാത്രം ഒതുങ്ങി.

ടോസ് നേടി ബൗളിങ് തെരഞ്ഞെടുത്തതു മുതൽ ക്യാപ്റ്റനെന്ന നിലയിൽ രോഹിത്തിന്റെ ഓരോ നീക്കവും പാളി. ഫോമില്ലായ്മയും ഫിറ്റ്നസ് കുറവും രോഹിത്തിനെ വല്ലാതെ അലട്ടുകയും ഇന്ത്യക്കത് തിരിച്ചടിയാവുകയും ചെയ്തു. ഏറെ പ്രതീക്ഷയുണ്ടായിരുന്ന വിരാട് കോലി ഇത്തവണ നിരാശ മാത്രം ബാക്കിയാക്കി. കോലിയെ നല്ല രീതിയിൽ തന്നെ ഓസിസ് ബൗളർമാർ പൂട്ടി. ഐ.പി.എല്ലിന്റെ മിന്നും താരം ശുഭ്മാൻ ഗില്ലിന് കാര്യമായൊന്നും ഓവലിൽ ചെയ്യാനുണ്ടായിരുന്നില്ല. ചേതേശ്വർ പൂജാരയുടെ പ്രതിരോധത്തിന് വളരെയധികം ഇളക്കം സംഭവിച്ചു. ഐ.സി.സി ടെസ്റ്റ് റാങ്കിങ്ങിൽ ഒന്നാമതുള്ള ആർ.ആശ്വിനെ പുറത്തുനിർത്താനുള്ള തീരുമാനം ആരുടേതായാലും അതിന് വലിയ വില തന്നെ ഇന്ത്യ നൽകേണ്ടി വന്നു. രണ്ടാം ഇന്നിംഗ്സിൽ 270/8 എന്ന സ്കോറിൽ ഡിക്ലെയർ ചെയ്ത് ആസ്ട്രേലിയ മുന്നോട്ടുവെച്ച 444 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ടീം ഇന്ത്യ 40 ഓവറിൽ 164-3 എന്ന നിലയിലാണ് അഞ്ചാം ദിനം ബാറ്റിംഗിന് ഇറങ്ങിയത്. 60 പന്തിൽ 44 റൺസുമായി വിരാട് കോലിയും 59 ബോളിൽ 20 റൺസുമായി അജിങ്ക്യ രഹാനെയുമായിരുന്നു ക്രീസിൽ. അഞ്ചാം ദിനത്തിലെ ആദ്യ സെഷൻ തന്നെ ടീം ഇന്ത്യക്ക് തിരിച്ചടികളുടേതായി.

78 പന്തിൽ ഏഴ് ഫോറുകളോടെ 49 റൺസെടുത്ത് നിൽക്കേ വിരാട് കോലിയെ സ്കോട്ട് ബോളണ്ട് സ്ലിപ്പിൽ സ്റ്റീവ് സ്മിത്തിന്റെ കൈകളിൽ എത്തിച്ചു. ആ ഓവറിൽ തന്നെ രവീന്ദ്ര ജഡേജയേ ബോളണ്ട് പുറത്താക്കി. റണ്ണൊന്നും എടുക്കാതെയായിരുന്നു ജഡേജയുടെ മടക്കം. തുടർന്നെത്തിയ ശ്രീകർ ഭരതിനെ കൂട്ടുപിടിച്ച് അജിൻക്യ രഹാനെ മുന്നോട്ടുപോകാൻ ശ്രമിച്ചെങ്കിലും മിച്ചൽ സ്റ്റാർക്കിന്റെ പന്തിൽ അലക്സ് ക്യാരിക്ക് ക്യാച്ച് നൽകി രഹാനെയും മടങ്ങി. 108 പന്തിൽ ഏഴ് ഫോറുകൾ സഹിതം 46 റൺസാണ് രഹാനെ നേടിയത്. തൊട്ടുപിന്നാലെ ശാർദുൽ താക്കൂറിനെ (5 പന്തിൽ 0) എൽബിയിൽ തളച്ച് നഥാൻ ലിയോൺ ഇന്ത്യക്ക് ഏഴാം പ്രഹരം നൽകി. സ്റ്റാർക്കിന്റെ ബൗൺസറിൽ ഉമേഷ് യാദവിനെ(12 പന്തിൽ 1) പറഞ്ഞയച്ചു. ലിയോണിനെ ഉയർത്തിയടിക്കാനുള്ള ശ്രമത്തിൽ വിക്കറ്റ് കീപ്പർ ശ്രീകർ ഭരത്(41 പന്തിൽ 23) റിട്ടേൺ ക്യാച്ചിൽ പുറത്തായപ്പോൾ അവസാനക്കാരൻ മുഹമ്മദ് സിറാജിനെ(6 പന്തിൽ 1) ബോളണ്ട് ക്യാച്ചിൽ പറഞ്ഞയച്ചതോടെ ഓവലിൽ ഇന്ത്യയുടെ പോരാട്ടം 234ൽ അവസാനിച്ചു. നേരത്തെ, ഓസ്ട്രേലിയയുടെ 469 റൺസ് പിന്തുടർന്ന ഇന്ത്യ ഒന്നാം ഇന്നിംഗ്സിൽ 296 റൺസിൽ പുറത്തായിരുന്നു. ഇതോടെ ഐ.സി.സിയുടെ എല്ലാ കിരീടവും നേടുന്ന ആദ്യ ടീം എന്ന നേട്ടം ഓസീസ് ടീം സ്വന്തമാക്കി.

# ജൂനിയർ ഏഷ്യാകപ്പ് വനിതാ ഹോക്കിയിൽ ഇന്ത്യ ജേതാക്കൾ

കകാമിഗാര(ജപ്പാൻ): ഹോക്കിയൽ വെന്നിക്കൊടി പാറിച്ച് ഇന്ത്യൻ ജൂനിയർ വനിതാ ടീം. ഏഷ്യാകപ്പിൽ കരുത്തരായ ദക്ഷിണ കൊറിയയെ ഒന്നിനെതിരേ രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തിയാണ് ഇന്ത്യ കിരീടത്തിൽ മുത്തമിട്ടത്. ഇന്ത്യയുടെ ജൂനിയർ പുരുഷ ടീം കിരീടം നേടി രണ്ടാഴ്ച പിന്നിടുമ്പോഴാണ് വനിതാ ടീമിന്റേയും നേട്ടമെന്നത് ഏറെ ശ്രദ്ധേയമാണ്. ഇന്ത്യക്ക് വേണ്ടി 22ാം മിനിട്ടിൽ അന്നു 41ാം മിനിട്ടിൽ നീലം എന്നിവർ ഗോളുകൾ നേടിയപ്പോൾ ദക്ഷിണ കൊറിയയുടെ ആശ്വാസ ഗോൾ 25ാം മിനിട്ടിൽ പാർക്സിയോയിവോനാണ് നേടിയത്.


ജൂനിയർ ഏഷ്യാകപ്പ് വനിതാ ഹോക്കി ഫൈനലിൽ വിജയിച്ച ഇന്ത്യൻ ടീമിന്റെ ആഹ്ലാദം

ഇന്ത്യൻ ക്യാപ്റ്റൻ പ്രീതിയാണ് പ്ലെയർ ഓഫ് ദ മാച്ച്. മുൻപ് നാല് തവണ ചാംപ്യൻമാരായ കൊറിയക്കെതിരേയാണ് ഇന്ത്യയുടെ ഫൈനലിലെ വിജയമെന്നത് ഏറെ അഭിമാനകരമാണ്. ഇന്ത്യൻ ജൂനിയർ വനിതാ ടീമിന്റെ കന്നി കിരീടനേട്ടമാണിത്. ഏഷ്യകപ്പിന്റെ ഫൈനലിലെത്തിയതോടുകൂടി നേരത്തെ തന്നെ ഇന്ത്യൻ ടീം ഈ വർഷം ചിലെയിൽ നടക്കുന്ന ജൂനിയർ ഹോക്കി ലോകകപ്പിന് യോഗ്യത നേടിയിരുന്നു. കിരീട നേട്ടത്തോടുകൂടി ഇന്ത്യൻ ടീമിലെ ഓരോരുത്തർക്കും ഹോക്കി ഇന്ത്യ രണ്ടുലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചു. സപ്പോർട്ട് സ്റ്റാഫിന് ഒരു ലക്ഷം രൂപവീതം ലഭിക്കും.

# യൂറോപ്പും കീഴടക്കി മാഞ്ചസ്റ്റർ സിറ്റി

## മാഞ്ചസ്റ്റർ സിറ്റിക്ക് ആദ്യ ചാംപ്യൻസ് ലീഗ് കിരീടം. യുവേഫ ചാംപ്യൻസ് ലീഗ് ഫൈനലിൽ ഇന്റർമിലാനെ ഒരു ഗോളിന് തോൽപ്പിച്ചു

ഇസ്താംബൂൾ: ഇംഗ്ലീഷ് പ്രീമിയർ ലീഗിനും എഫ്.എ കപ്പിനും പിന്നാലെ സീസണിൽ മൂന്നാമത്തെ കിരീടം നേടി മാഞ്ചസ്റ്റർ സിറ്റി. യുവേഫ ചാംപ്യൻസ് ലീഗ് ഫൈനലിൽ ഇന്റർമിലാനെ എതിരില്ലാത്ത ഒരു ഗോളിന് പരാജയപ്പെടുത്തിയാണ് സിറ്റി തങ്ങളുടെ ആദ്യ ചാംപ്യൻ ലീഗ് കിരീടനേട്ടം ആഘോഷമാക്കിയത്. കളിയുടെ 68ാം മിനിറ്റിൽ റോഡ്രിയിലൂടെയാണ് മാഞ്ചസ്റ്റർ സിറ്റി വിജയഗോൾ നേടിയത്. സിറ്റി അനായാസം ജയിച്ചു കയറുമെന്ന് വിചാരിച്ചവർക്ക് തെറ്റി. ഇന്റർമില്ലാന്റെ പോരാട്ട വീര്യത്തിന് മുന്നിൽ സിറ്റിക്ക് കാലിടറുമോ എന്നുപോലും കടുത്ത സിറ്റി ആരാധകർ കരുതിയിരുന്നു. ആദ്യപാതിയിൽ സിറ്റിയുടെ താളം കളയാൻ ഇന്ററിന് നന്നായി സാധിച്ചു.



യുവേഫ ചാംപ്യൻസ് ലീഗ് കിരീടവുമായി മാഞ്ചസ്റ്റർ സിറ്റി ടീം

26-ാം മിനിറ്റിലാണ് സിറ്റിക്ക് ആദ്യ അവസരം ലഭിക്കുന്നത്. എർലിംഗ് ഹാളണ്ടിന്റെ മികച്ചൊരു ഷോട്ട് ഇന്റർമിലാൻ ഗോൾ കീപ്പർ ആന്ദ്രേ ഒനാന തടഞ്ഞിടുകയായിരുന്നു. ഇതിനിടെ പത്ത് മിനിറ്റുകൾക്ക് ശേഷം സിറ്റിയുടെ പ്ലേ മേക്കർ കെവിൻ ഡി ബ്രൂയ്ൻ കളംവിട്ടത് സിറ്റിക്ക് തിരിച്ചടിയായി. എന്നാൽ രണ്ടാം പാതിയിൽ താളം കണ്ടെത്തിയ സിറ്റി 68ാം മിനിട്ടിൽ റോഡ്രിയിലൂടെ മുന്നിലെത്തി. തുടർന്ന് ഗോൾ വഴങ്ങാതിരിക്കാനുള്ള സിറ്റിയുടെ ശ്രമം ഫലം കണ്ടു. അവസാന നിമിഷങ്ങളിൽ സിറ്റിയെ വിറപ്പിച്ച് ഇന്റമിലാൻ മുന്നേറ്റം നടത്തിയെങ്കിലും ഗോൾകീപ്പർ എഡേഴ്സണിന്റെ സേവിലൂടെ അവർ വിജയം കൈപ്പിടിയിലൊതുക്കുകയായിരുന്നു. കിരീട നേട്ടത്തോടു കൂടി മാഞ്ചസ്റ്റർ യുണൈറ്റഡിന് ശേഷം ഒരു സീസണിൽ മൂന്ന് കിരീടം നേടുന്ന ആദ്യ ഇംഗ്ലീഷ് ടീമുമായി മാഞ്ചസ്റ്റർ സിറ്റി. നാലാം ചാംപ്യൻസ് ലീഗ് കിരീടം തേടിയിറങ്ങിയ ഇന്റർ മിലാന് നിരാശ മാത്രം ബാക്കിയായി.




# ഫ്രഞ്ച് ഓപ്പൺ കിരീടം ജോക്കോക്ക്

## 23ാം ഗ്രാൻസ്ലാം കിരീടം നേടി ലോക റെക്കോർഡുമായി നൊവാക് ജോക്കോവിച്ച്

പാരിസ്: ഇത്തവണത്തെ ഫ്രഞ്ച് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് കിരീടം സ്വന്തമാക്കിയതോടു കൂടി പുതിയൊരു റെക്കോർഡിനും കൂടി അർഹനായിരിക്കുകയാണ് സെർബിയൻ സൂപ്പർ താരം നൊവാക് ജോക്കോവിച്ച്.

23ാം ഗ്രാൻസ്ലാം കിരീടം നേട്ടത്തോടുകൂടി ഏറ്റവുമധികം ഗ്രാൻസ്ലാം കിരീടം സ്വന്തമാക്കിയ താരമെന്ന ലോക റെക്കോർഡിന് കൂടി അർഹനായിരിക്കുകയാണ് അദ്ദേഹം.

22 ഗ്രാൻസ്ലാം കിരീടങ്ങളുള്ള റാഫേൽ നദാലിനെയാണ് ജോക്കോ പിന്നിലാക്കായത്.

കരിയറിലെ കന്നി ഗ്രാൻസ്ലാം കിരീടം ലക്ഷ്യമിട്ട് ഫൈനലിനിറങ്ങിയ 24കാരനായ നോർവേയുടെ കാസ്പർ റൂഡിന് ഒരവസരവും നൽകാതെയാണ് 36കാരനായ ജോക്കോവിച്ച് മത്സരം ജയിച്ചത്.

മൂന്ന് സെറ്റുകളും നേടി ഏകപക്ഷീയമായിട്ടായിരുന്നു കിരീടത്തിലേക്കുള്ള ജോക്കോയുടെ പോക്ക്. സ്കോർ: 7-6(7/1), 63, 75. ഇതുവരെ 70 ഗ്രാൻസ്ലാം ടൂർണമെന്റുകൾ കളിച്ച ജോക്കായുടെ 34ാം ഫൈനലായിരുന്നു ഇന്നലത്തേത്.

ഫ്രഞ്ച് ഓപ്പൺ കിരീടവുമായി സെർബിയൻ താരം നൊവാക് ജോക്കോവിച്ച്. 36കാരനായ ജോക്കോവിച്ചിന്റെ 23ാം ഗ്രാൻസ്ലാം കിരീട നേട്ടമാണിത്. ഫൈനലിൽ നോർവേയുടെ കാസ്പർ റൂഡിനെയാണ് ജോക്കോവിച്ച് പരാജയപ്പെടുത്തിയത്


എൻ.സി.പി സ്ഥാപക ദിനത്തിൽ പാർട്ടിയിലെ മുതിർന്ന നേതാക്കളെ ആദരിക്കുന്ന പരിപാടി ഉദ്ഘാടനം ചെയ്യാനെത്തിയ മന്ത്രി എ.കെ ശശീന്ദ്രന് ഉപഹാരം നൽകിയപ്പോൾ

## സംസ്ഥാന സർക്കാരിന്റെ വികസനങ്ങൾ മാധ്യമങ്ങൾ ബോധപൂർവം തമസ്കരിക്കുന്നത് ഖേദകരമാണ്: മന്ത്രി എ.കെ ശശീന്ദ്രൻ

കോഴിക്കോട്: സംസ്ഥാന സർക്കാരിന്റെ വികസനങ്ങൾ മാധ്യമങ്ങൾ ബോധപൂർവം തമസ്കരിക്കുന്നത് ഖേദകരമാണെന്നും ഇത്തരം തെറ്റുകൾ തിരുത്തണമെന്നും മന്ത്രി എ.കെ ശശീന്ദ്രൻ ആവശ്യപ്പെട്ടു. എൻ.സി.പി സ്ഥാപക ദിനത്തോടനുബന്ധിച്ച് ജില്ലയിലെ പാർട്ടിയിലെ മുതിർന്ന നേതാക്കളെ ആദരിക്കുന്ന പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുക്കുകയായിരുന്നു അദ്ദേഹം. വനം-പരിസ്ഥിതി നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുവെന്നും അദ്ദേഹം കൂട്ടിചേർത്തു.

ജില്ലാ പ്രസിഡന്റ് മുക്കം മുഹമ്മദ് അധ്യക്ഷത വഹിച്ചു. അഡ്വ.പി.എം സുരേഷ് ബാബു, പി.ജെ കുഞ്ഞുമോൻ, എം. ആലിക്കോയ , ആലീസ് മാത്യു, ടി.എൻ ശിവ ശങ്കരൻ, സുബാഷ് പുഞ്ചക്കോട്ടിൽ, പി.വി അജ്മൽ, സി.ആർ സജിത്ത് എന്നിവർ സംസാരിച്ചു. പി.കെ.എം ബാലകൃഷ്ണൻ മുതിർന്ന നേതാക്കളെ പരിചയപ്പെടുത്തി. കെ.ടി.എം കോയ സ്വാഗതവും പി.ആർ സുനിൽ സിംഗ് നന്ദിയും പറഞ്ഞു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.